LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തോഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി

210 (3050) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തോഫീസുകളിൽ താത്കാലികമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി എന്നു വരെയുണ്ട്; പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അടിസ്ഥാന യോഗ്യത എന്താണ്; ഇവർക്ക് ഇപ്പോൾ നല്കുന്ന മാസവേതനം എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ബി) കാലാവധി കഴിയുമ്പോൾ കരാർ പുതുക്കി ഇവരെ നിലനിർത്തുമോ; ഇത്തരത്തിൽ നില നിർത്തിയാൽ ഇവരുടെ സേവന വേതന നിരക്കുകൾ വർദ്ധിപ്പിക്കുമോ; എങ്കിൽ എത്ര ശതമാനം വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) താത്കാലികമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാവും സ്ഥിരപ്പെടുത്തുക എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തോഫീസുകളിൽ താത്കാലികമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 31-3-2016 വരെയുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യത ചുവടെ ചേർക്കുന്നു:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്/ഐ.എച്ച്.ആർ.ഡി./കേരള സർക്കാർ നൽകുന്ന കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്/കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ്/ ഇൻഫർമേഷൻ ടെക്നോളജി ത്രിവത്സര ഡിപ്ലോമ

അല്ലെങ്കിൽ

ഏതെങ്കിലും ബിരുദം നേടിയശേഷം ഏതെങ്കിലും സർവ്വകലാശാല/ടെക്നിക്കൽ എഡ്യൂക്കേഷൻ കൺട്രോളർ/ഐ.എച്ച്.ആർ.ഡി./എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയിൽ നിന്നുള്ള 3 സെമസ്റ്ററിൽ കുറയാത്ത മുഴുവൻ സമയ പി.ജി.ഡി.സി.എ./പി.ഡി.എസ്.ഇ.

അല്ലെങ്കിൽ

കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദം (ബി.സി.എ.)

അല്ലെങ്കിൽ

ഭാരത് സർക്കാരിന്റെ ഡി.ഒ.ഇ.എ.സി.സി.യിൽ നിന്നുള്ള എ/ബി ലെവൽ സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

ബി-ടെക്/ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുമുള്ള ബിരുദം

അല്ലെങ്കിൽ

60 ശതമാനത്തിൽ കൂടുതൽ മാർക്കോടുകൂടിയ ബിരുദത്തോടൊപ്പം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി നടത്തുന്ന ഒരു വർഷ പി.ജി.ഡി.സി.എ./പി.ഡി.എസ്.ഇ. കോഴ്സ്

അല്ലെങ്കിൽ

ഐ.എച്ച്.ആർ.ഡി/സി.-ഡിറ്റ് നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ./ പി.ഡി.എസ്.ഇ. കോഴ്സ്

ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നൽകുന്ന പ്രതിമാസ വേതനം 13,500 രൂപയാണ്.

(ബി) 10-2-2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27-ാം നമ്പർ തീരുമാനപ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി (31-3-2017 വരെ) ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

ഇവരുടെ സേവന വേതന നിരക്കുകൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ടെക്നിക്കൽ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

മുക്കം മുസ്ലിം ഓർഫനേജിന് ലഭിച്ച വിദേശ ധനസഹായം

211 (3051) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഗ്രാന്റ് ഇൻ എയ്ഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും എന്നാൽ മുക്കം മുസ്ലിം ഓർഫനേജ് വിദേശ ധനസഹായം ചെലവഴിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശം ഉണ്ടായിട്ടുണ്ടോ; ഗ്രാന്റ്-ഇൻ-എയ്ഡ് ചട്ടത്തിൽ ഭേദഗതി വരുത്തി സ്ഥാപനത്തിന് ഗ്രാന്റ് നൽകുവാനുള്ള അർഹത സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly